# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :4900 05.02.2014-ലെ മറുപടിയ്ക്ക്

## കിളിമാനൂർ പഞ്ചായത്തിലെ 'കനിവ്' പദ്ധതി

| ചോദ്യം<br>ശ്രീ.ബി.സത്യൻ | മറുപടി<br>ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
|---|---|
| (എ) കിളിമാനൂർ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിവരുന്ന 'കനിവ്' ഗാർഹിക സാന്ത്വന പരിചരണ പദ്ധതിയെയും പ്രവർത്തന ത്തേയും സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ; | (എ) കിളിമാനൂർ ഗ്രാമപഞ്ചായത്തും മുളയ്ക്കലത്തുകാവ് പ്രാഥമികാ രോഗ്യകേന്ദ്രവും സംയുക്തമാ യിട്ടാണ് ഈ പദ്ധതി നടപ്പിലാ ക്കിവരുന്നത്. പ്രസ്തുത പദ്ധതി യ്ക്കായി 2012-13 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതമായി 6,80,000/-രൂപയും, 2013-14-ൽ 7,00,000/- രൂപയും വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. നിരാലം ബരും അവശരുമായ രോഗബാധി തർക്ക് ചികിത്സയും പരിചരണവും യഥാസമയം മുടക്കമില്ലാതെ വീടു കളിലെത്തി നല്കുകയും, ആവശ്യ മായ മരുന്നുകളും സഹായ ഉപകരണങ്ങളും, വാട്ടർബെഡ് എന്നിവ ലഭ്യമാക്കുകയും ചെയ്യു ന്നുണ്ട്. ആഴ്ചതോറും വീടുകളി ലെത്തി രോഗികളെ ഡോക്ടർ പരിശോധിക്കുന്നുണ്ട്. കൂടാതെ നഴ്സിന്റെ പരിചരണം ദിവസവും ആവശ്യമായവർക്ക് പദ്ധതിയുടെ ഭാഗമായി നിയമിച്ചിട്ടുള്ള പാലി- യേറ്റീവ് നഴ്സിന്റെ സേവനവും ഉറപ്പാക്കുന്നുണ്ട്. ഡയാലിസിസ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് മെഡിക്കൽ കോളേജ്, താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ പോകേണ്ട പദ്ധതിയിലുൾപ്പെട്ട രോഗികൾക്ക് സൗജന്യ യാത്രാ സംവിധാനവും, ആവശ്യമായ മരുന്നും ഉപകരണങ്ങളും പദ്ധതി യുടെ ഭാഗമായി ലഭ്യമാക്കുന്നുണ്ട്. ആവശ്യമായവർക്ക് സൗജന്യമായി ഭക്ഷണം എത്തിക്കുകയും ഹോം |

| | | | |
|---|---|---|---|
| | | | കെയർ പദ്ധതിക്കായി ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന് ചെലവാകുന്ന തുക ഏത് ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കുമോ ; ഈ പദ്ധതിക്കായി ഒരു മാസം എന്തു തുക ചെലവാക്കുന്നുണ്ട്; | (ബി) | പ്രസ്തുത പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് പ്ലാൻഫണ്ട് 7,00,000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളുടെയും, സ്ഥാപനങ്ങളുടെയും, സന്നദ്ധസംഘടനകളുടെയും സംഭാവനകൾ ലഭിക്കുന്നുണ്ട്. 32 ക്യാൻസർ രോഗികളും 5 കിഡ്നി രോഗികളും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവരുടെയും മറ്റു രോഗികളുടെയും മരുന്നിനും ഡയാലിസിസ് ഉപകരണങ്ങൾ, യാത്രാചെലവുകൾ എന്നിവയ്ക്കായും ഹോംകെയറിനായും പ്രതിമാസം 70,000/-രൂപയോളം ചെലവുവരുന്നുണ്ട്. |
| (സി) | ഈ പദ്ധതിയുടെ ഗുണം പഞ്ചായത്തിൽ എത്ര പേർക്ക് ലഭിക്കുന്നുണ്ട് ; അവരുടെ പേരും മേൽവിലാസവും വ്യക്തമാക്കാമോ; | (സി) | പദ്ധതിയിലുൾപ്പെട്ട ആകെ ഗുണഭോക്താക്കളുടെ എണ്ണം - 369.<br>മരണപ്പെട്ടവരുടെ എണ്ണം - 166.<br>നിലവിൽ സേവനം ലഭിക്കുന്നവരുടെ എണ്ണം - 203<br>ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സാന്ത്വന പരിചരണ രംഗത്ത് മാതൃകാപരമായി പ്രവർത്തിക്കുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക സഹായം ലഭ്യമാക്കാറുണ്ടോ; എങ്കിൽ ഇതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ ; | (ഡി) | സാന്ത്വന പരിചരണ രംഗത്ത് മാതൃകാപരമായി പ്രവർത്തിക്കുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക സഹായം പഞ്ചായത്ത് വകുപ്പിൽ നിന്നും നൽകുന്നില്ല. |
| (ഇ) | സാന്ത്വന പരിചരണ രംഗത്ത് കിളിമാനൂർ ഗ്രാമപഞ്ചായത്ത് മാതൃകാപരമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | (ഇ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**